ഉത്തരം

(എ&ബി) പാലക്കാട്, തൃശ്ശൂർ ജില്ലകൾ സമ്പൂർണ്ണ വൈദ്യുതീകൃത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. 20-2-2011 ഓടെ 76 നിയോജക മണ്ഡലങ്ങൾ സമ്പൂർണ്ണ വൈദ്യുതീകൃത മണ്ഡലങ്ങളായി പ്രഖ്യാപിക്കുന്നതാണ്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതിനുവേണ്ടി വന്ന സർക്കാർ വിഹിതം എത്രയെന്ന് വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വൈദ്യുതി ഉപഭോഗം

201 (1165) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ എത്ര മെഗാവാട്ട് വൈദ്യുതി ആണ് ദിനംപ്രതി ആവശ്യമായിരുന്നത് ;

(ബി) പ്രസ്തുത സമയത്ത് കേന്ദ്ര പൂളിൽനിന്നും എത്ര കറന്റ് അനുവദിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) 2011-ൽ കേരളത്തിലെ വൈദ്യുതി ഉപഭോഗം എത്ര മെഗാവാട്ടായിരിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) 2011-ൽ കേന്ദ്ര പൂളിൽനിന്നും ലഭിക്കുന്ന വൈദ്യുതി എത്ര മെഗാവാട്ടാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) കേരളം വൈദ്യുതി മാനേജ്മെന്റിൽ കഴിഞ്ഞ 5 വർഷം കൈവരിച്ച നേട്ടങ്ങൾ, നേടിയ പുരസ്കാരങ്ങൾ ഇവ വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന 2006-07 വർഷത്തിൽ ആവശ്യമായി വന്ന പ്രതിദിന ശരാശരി വൈദ്യുതി 40.5 Mu ആയിരുന്നു. 2006-07 വർഷത്തെ പീക്കിലെ വൈദ്യുതി ആവശ്യകത 2742 MW ആയിരുന്നു.

(ബി) 2006-07-ൽ കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനത്തിന് ലഭ്യമായിരുന്ന പ്രതിദിന ശരാശരി വൈദ്യുതി 22.23 Mu ആയിരുന്നു. 28-12-2006-ൽ 1184.37 MW ആയിരുന്നു കേന്ദ്രനിലയങ്ങളിൽ നിന്നുള്ള കേരളത്തിന്റെ വിഹിതം.

(സി) 17th power survery പ്രകാരം 2010-11-ൽ കേരളത്തിലെ വൈദ്യുതി ഉപഭോഗം 15112 Mu ആയിരിക്കുമെന്നാണ്. കണക്കാക്കിയിരിക്കുന്നത്. ഊർജ്ജ നഷ്ടം കൂടി കണക്കാക്കി വൈദ്യുതിയുടെ ആവശ്യകത 18077 Mu ആണ്. പീക്ക് ആവശ്യകത 3335 MW ആയിരിക്കും.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേന്ദ്രപൂളിൽ നിന്നും ഇപ്പോൾ പ്രതിദിനം കേരളത്തിന് അനുവദിച്ചിട്ടുള്ള വൈദ്യുതി പീക്ക് സമയത്ത് 1016 MW-ഉം ഓഫ് പീക്ക് സമയത്ത് 1011 MW-ഉം ആണ്. എന്നാൽ ലഭ്യത 800 MW മുതൽ 950 MW വരെ മാത്രമാണ്.

(ഇ) ദീർഘവീക്ഷണത്തോടെയുള്ള ആസൂത്രണങ്ങളിലൂടെ ലോഡ്ഷെഡിംഗ്, പവർകട്ട് എന്നിവ പടിപടിയായി ഒഴിവാക്കുവാൻ വൈദ്യുതി ബോർഡിന് കഴിഞ്ഞിട്ടുണ്ട്. ഈ മേഖലയിൽ കേരളത്തിന്റെ നില സമീപ സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മെച്ചമാണ്. 1 മില്ല്യൺ CFL പദ്ധതി, ബചത് ലാംബി യോജന (ഒന്നരക്കോടി CFL) എന്നീ പദ്ധതികൾ രാജ്യത്തിനാകെ മാതൃകയാകും വണ്ണം നടപ്പാക്കാനായി. ഇതുമൂലം പീക്ക് അവർ ആവശ്യകതയിൽ ഏകദേശം 200 MW-ന്റെ കുറവ് വന്നിട്ടുണ്ടെന്നു കണക്കാക്കപ്പെടുന്നു. 2007-ൽ പി.എഫ്.സി.-യുടെ അംഗീകാരവും 2008-ലും 2010-ലും ഊർജ്ജ സംരക്ഷണത്തിനുള്ള കേന്ദ്ര സർക്കാരിന്റെ അവാർഡും 2009-ൽ ഇന്ത്യൻ ചേമ്പർ ഓഫ് കൊമേഴ്സ് ഏർപ്പെടുത്തിയ മികച്ച സ്ഥാപനത്തിനുള്ള അവാർഡും ലഭിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി.-ക്ക് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക

202 (1166) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-ക്ക് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശികത്തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ സർക്കാർ സ്ഥാപനം, അർദ്ധസർക്കാർ സ്ഥാപനം, പൊതുമേഖലാ സ്ഥാപനം, സ്വകാര്യ സ്ഥാപനം എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ സർക്കാർ സ്ഥാപനം, അർദ്ധസർക്കാർ സ്ഥാപനം, പൊതുമേഖലാ സ്ഥാപനം, സ്വകാര്യ സ്ഥാപനം എന്നിവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) കുടിശ്ശിക പിരിച്ചെടുക്കുവാൻ വൈദ്യുതി വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 30-6-2010-ലെ കണക്കനുസരിച്ച് കെ.എസ്.ഇ.ബി.-ക്ക് പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശികത്തുക 1191.52 കോടി രൂപയാണ്.

(ബി) 30-6-2010-ലെ കണക്കനുസരിച്ച് കെ.എസ്.ഇ.ബി.-ക്ക് സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ നിന്നും 146.57 കോടി രൂപയും, സംസ്ഥാന സഹകരണ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 341.17 കോടി രൂപയും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും 593.32 കോടി രൂപയും പിരിഞ്ഞു കിട്ടാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly